എൻ.എം.ബി(1)/35046/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 14.05.2018

# സർക്കുലർ

**വിഷയം:** പൊതുവിദ്യാഭ്യാസം-ഉച്ചഭക്ഷണപദ്ധതി- 2018-19 അദ്ധ്യയന വർഷാരംഭത്തിന് മുന്നോടിയായി നടപ്പാക്കേണ്ട അടിയന്തിര നടപടികൾ -സംബന്ധിച്ച്

**സൂചന:** 1) 30.05.2017 ലെ എൻ.എം.എ(1)/39000/17 നമ്പർ സർക്കുലർ
2) 12/6/2017 ലെ എൻ.എം.എ(1)/40001/17/ഡി.പിഐ നമ്പർ സർക്കുലർ

2017-18 അദ്ധ്യയന വർഷത്തിൽ സ്കൂൾ തുറക്കുന്നതിന് മുൻപ് താഴെപ്പറയുന്ന നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

1) സ്കൂൾ തുറക്കുന്ന ദിവസം തന്നെ ഉച്ചഭക്ഷണ പദ്ധതി ആരംഭിക്കേണ്ടതും. കുടിവെള്ളത്തിനായി ഉപയോഗിക്കുന്ന കിണറുകളും, വാട്ടർ ടാങ്കുകളും ശുചീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

2) പാചകശാലയും പരിസരവും ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്ന സംഭരണശാല എന്നിവയും സ്കൂൾ തുറക്കുന്നതിന് മുൻപ് വൃത്തിയാക്കുകയും അടച്ചുറപ്പുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

3) 25.05.2018 ന് മുൻപായി എല്ലാ പാചകതൊഴിലാളികളുടേയും ഹെൽത്ത്കാർഡ് ഹെഡ്മാസ്റ്റർമാർ വാങ്ങി സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്. (നിലവിലുള്ള ഹെൽത്ത് കാർഡുകൾക്ക് 6 മാസം മാത്രമാണ് കാലാവധിയുള്ളത്) നിലവിൽ ഹെൽത്ത് കാർഡ് സമർപ്പിച്ചിട്ടുള്ള പാചകതൊഴിലാളികളുടെ കാർഡിന്റെ കാലാവധി കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

4) 2017-18 മാർച്ച് മാസത്തിന് ശേഷം സ്റ്റോക്ക് ഇരിക്കുന്ന അരി ഉപയോഗ്യയോഗ്യമാണോ എന്ന് പരിശോധിക്കേണ്ടതും യോഗ്യമല്ലായെങ്കിൽ ആ വിവരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

5) 31.05.2018 ന് മുൻപായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും പാസ്സാക്കുന്ന ഇൻഡന്റ് പ്രകാരമുള്ള അരി, മാവേലിസ്റ്റോർ / എഫ്.സി.ഐ യിൽ നിന്നും വാങ്ങി സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്.

6) നിലവിലുള്ള നൂൺമീൽ കമ്മിറ്റി സ്കൂൾ തുറക്കുന്നതിന് മുൻപായി കൂടി ജൂൺ മാസത്തേയ്ക്കുള്ള മെനു അംഗീകരിയ്ക്കുകയും ഉച്ചഭക്ഷണം നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്. മെനുവിൽ രസം , അച്ചാർ എന്നിവയുടെ ഉപയോഗം കഴിവതും ഒഴിവാക്കേണ്ടതാണ്. വിപണിയിൽ നിന്നും വാങ്ങുന്ന അച്ചാർ ഒരു കാരണവശാലും ഉച്ചഭക്ഷണത്തിന് ഉപയോഗിക്കാൻ പാടില്ല.

*(..മറുപുറം..)*

7) അയൺഫോളിക് ഗുളിക വിതരണം ചെയ്യുന്നത് സംബന്ധിച്ച പ്രൊഫോർമകൾ അതാത് സമയങ്ങളിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്.

8) പാചകത്തിന് പൂർണ്ണമായും പാചകവാതകം ഉപയോഗിക്കേണ്ടതാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

**പകർപ്പ്;-**

- എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, നൂൺഫീഡിംഗ് സൂപ്പർവൈസർമാർക്കും.
- എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, 2018-19 അദ്ധ്യയന വർഷത്തെ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട 2018 ജൂൺ മാസത്തെ അരിയുടെ ഇൻഡന്റ് മെയ് മാസം 25-ാം തീയതിക്കു മുൻപായി പാസ്സാക്കി മാവേലിസ്റ്റോർ/ എഫ്.സി.ഐകൾക്ക് നൽകേണ്ടതാണ് (2017-18 ലെ ഫീഡിംങ്ങ് സ്ട്രെങ്ങ്ത് പ്രകാരം). 2018 മാർച്ച് മാസത്തിൽ സ്കൂളുകളിൽ മിച്ചമുണ്ടായിരുന്ന അരിയുടെ ഗുണ നിലവാരം ബന്ധപ്പെട്ട നൂൺമീൽ ഓഫീസർമാർ സ്കൂൾ സന്ദർശിച്ച് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും അരി ഗുണനിലവാരമില്ലെങ്കിൽ ബന്ധപ്പെട്ട നൂൺഫീഡിംഗ് സൂപ്പർവൈസർമാരെ വിവരം രേഖാമൂലം അറിയിച്ച് തുടർ നടപടി സ്വീകരിയ്ക്കേണ്ടതുമാണ്.
- എല്ലാ പ്രഥമാദ്ധ്യാപകർക്കും ( ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം)